## കയറ്റിറക്കുമതി നയ ഭേദഗതിയും ഇന്ത്യാ-ശ്രീലങ്കാ കരാറും

# കേരളത്തിലെ കർഷകർ പിച്ചതെണ്ടേണ്ടിവരുമോ?

എസ്.കെ.ഉമ്മർ

ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നത് നിറുത്തി നാണ്യവിളകൾ കൃഷിചെയ്ത് ഒരു 'നാണ്യവിള കാർഷിക മേഖല'യായിക്കൊണ്ടിരിക്കുകയാണ് കേരളം. കൊപ്ര, റബർ, കുരുമുളക്, ഏലം, ചുക്ക്, തേയില മറ്റു സുഗന്ധദ്രവ്യങ്ങൾ എന്നിവയാണ് ഇന്നത്തെ കാർഷിക കേരളത്തിന്റെ പ്രധാന ഉത്പന്നങ്ങൾ. ഇതെല്ലാം കുറേ കയറ്റി അയച്ചും കുറേ നാട്ടിൽതന്നെ വിറ്റഴിച്ചും ഒരുവിധം തട്ടിമുട്ടി കഴിഞ്ഞുവരുന്നവരാണ് കേരളത്തിലെ കൃഷിക്കാർ.

കേരളത്തിലെ കാർഷികോല്പന്നങ്ങളെ ഗുരുതരമായി ബാധിക്കുന്ന ഒന്നാണ് കേന്ദ്ര സർക്കാർ കഴിഞ്ഞ മാസം പ്രഖ്യാപിച്ച കയറ്റുമതി - ഇറക്കുമതി നയത്തിലെ ഭേദഗതികൾ. അതിനുമുമ്പ് ഉണ്ടാക്കിയ ഇന്ത്യാ - ശ്രീലങ്ക കരാറും കേരളത്തിലെ നാണ്യവിള കർഷകരെ തളർത്തുന്നതാണ്. ഒരുപക്ഷേ, കേരളത്തിന്റെ നാണ്യവിള - തോട്ടവിള കാർഷിക മേഖല എന്നന്നേക്കുമായി തകർന്നടിയാൻ വരെ ഇടയാക്കുന്നതരത്തിലുള്ള സംഗതികളാണ് ഇനി വിപണിയിലുണ്ടാകാൻ പോകുന്നത്.

ലോകത്തിലെ ഓരോ രാജ്യവും അവരവരുടെ രാജ്യത്തുണ്ടാവുന്ന സാധനങ്ങൾ തങ്ങളുടെ സ്വന്തം രാജ്യത്തുതന്നെ വിറ്റഴിക്കാനും ബാക്കി മറ്റു രാജ്യങ്ങളിലേക്ക് കയറ്റിയയക്കാനും ശ്രമിക്കുന്നു. സ്വന്തം രാജ്യത്തുണ്ടാവുന്ന സാധനം മറ്റു രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യാതിരിക്കാനും ഓരോ രാജ്യവും ശ്രമിക്കും. ഇവിടെനിന്നും സാധനങ്ങൾ കയറ്റി അയച്ച് വിദേശത്തുകൊണ്ടുപോയി വിറ്റ് വിദേശ നാണ്യം നേടിത്തരുന്ന കയറ്റുമതിക്കാരെ കഴിയാവുന്നത്ര സഹായങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുക; ഇവിടെ ഉണ്ടാകുന്ന സാധനങ്ങൾതന്നെ മറ്റു രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യാനൊരുങ്ങുന്നവരെ കഴിയാവുന്നത്ര നിരുത്സാഹപ്പെടുത്തുക - ഇതായിരിക്കും ഏതൊരു രാജ്യത്തേയും കയറ്റിറക്കുമതി നയത്തിന്റെ കാതൽ.

ഒന്നുരണ്ട് ഉദാഹരണങ്ങൾ നോക്കാം.

ഇന്ത്യയിൽ ധാരാളം തേയില ഉല്പാദിപ്പിക്കുന്നുണ്ട്. ഇന്ത്യയിൽതന്നെ ധാരാളമായി തേയില ഉപയോഗിക്കുന്നുണ്ട് ബാക്കി ധാരാളമായി കയറ്റി അയക്കുന്നുണ്ട്. പക്ഷേ, ലോകത്ത് തേയില ഒരു അപൂർവ വസ്തുവൊന്നുമല്ല. മറ്റു പല രാജ്യങ്ങളിലും തേയില ഉല്പാദിപ്പിച്ച് കയറ്റി അയക്കുന്നുണ്ട്. തേയില വാങ്ങുന്ന രാജ്യങ്ങൾ, എവിടെനിന്നാണോ ഏറ്റവും വിലകുറച്ച് തേയില ലഭിക്കുക; അവിടെനിന്നും തേയില വാങ്ങും. അങ്ങനെ വരുമ്പോൾ നമ്മുടെ തേയില വിറ്റഴിയാനും മാർക്കറ്റ് പിടിക്കാനുമൊക്കെയായി മറ്റു രാജ്യങ്ങളിൽ നമ്മുടെ തേയില് അല്പം നഷ്ടത്തിലും വിൽക്കേണ്ടിവന്നു എന്നു വരാം. ഈ നഷ്ടം സർക്കാരാണ് ഏറ്റെടുക്കുക. (കർഷകന് സബ്സിഡി നല്കുക വഴി) അതിനു പകരമായി നമ്മുടെ നാട്ടിൽ തന്നെ വില്ക്കുന്ന തേയിലയ്ക്ക് നികുതി കൂട്ടിവാങ്ങും. അങ്ങനെ കിട്ടുന്ന അധികലാഭം കൊണ്ട് കയറ്റുമതിയിലെ നഷ്ടം പരിഹരിക്കും. അങ്ങനെ വരുമ്പോൾ ഇവിടുത്തെ തേയില വില ഇവിടെനിന്നും തേയില കൊണ്ടുപോയി ഉപയോഗിക്കുന്ന രാജ്യത്തെ തേയില വിലയേക്കാളും കൂടുതലായിരിക്കും.

മറ്റൊരു രാജ്യത്തുനിന്നും തേയില ഇങ്ങോട്ട് ഇറക്കുമതി ചെയ്യാൻ അനുവദിക്കാത്തതുകൊണ്ടാണ് ഇന്ത്യയിൽ കൂടിയവിലയ്ക്ക് തേയില വിൽക്കാനാവുന്നത് എന്നു മനസിലാക്കണം. നമ്മൾ മറ്റു രാജ്യങ്ങളിൽ ചെയ്യുന്ന പോലെ മറ്റു രാജ്യങ്ങളെ ഇന്ത്യയിലും ചെയ്യാനനുവദിച്ചാൽ; അതായത് അവരുടെ തേയില ഇന്ത്യയിൽ വിലകുറച്ച് വിൽക്കാനനുവദിച്ചാൽ; ഇന്ത്യയിലെ ജനങ്ങളും കുറഞ്ഞ വിലയ്ക്ക് കിട്ടുന്ന തേയിലയല്ലേ വാങ്ങൂ. അതോടെ ഇന്ത്യൻ തേയില ന്യായമായ വിലയ്ക്കുപോലും ഇന്ത്യയിൽ വിൽക്കാൻ പറ്റാതാവും.

ഇന്ത്യാ - ശ്രീലങ്ക കരാർ ഈ കുഴപ്പമാണ് ഉണ്ടാക്കിയിരിക്കുന്നത്. അതനുസരിച്ച് ശ്രീലങ്കയ്ക്ക് അവർക്കിഷ്ടപ്പെട്ട വിലയ്ക്ക് ഇന്ത്യയിൽ തേയില വിൽക്കാനാവും. കച്ചവടം പിടിക്കാൻ ഇന്ത്യൻ തേയിലയേക്കാൾ കുറഞ്ഞ വിലയ്ക്കായിരിക്കും അവർ തേയില വിൽക്കുക എന്നത് ഉറപ്പ്. അതോടെ ഇന്ത്യൻ തേയില കെട്ടിക്കിടക്കും. എന്തായാലും തേയില കർഷകരുടെ എതിർപ്പുമൂലം ഇന്ത്യാ - ശ്രീലങ്കാ കരാർ നടപ്പാക്കുന്നത് താൽക്കാലം നിറുത്തിവച്ചിരിക്കുയാണ് സർക്കാർ.

ഗാട്ട് ഉടമ്പടിയിൽ ഒപ്പിട്ടു കഴിഞ്ഞതോടെ ലോക വ്യാപാര സംഘടന പറയുംപടി നിയമങ്ങൾ മറ്റാൻ ബാദ്ധ്യസ്ഥരാണ് ഇന്ത്യയും. അങ്ങനെ, ലോക വ്യാപാര സംഘടന പറഞ്ഞതിൽ പടിയാണ് ഇന്ത്യയുടെ കയറ്റിറക്കുമതി നയങ്ങൾ ഭേദഗതി ചെയ്തിരിക്കുന്നത്. അതോടെ ഇതുവരെ ഇറക്കുമതി കർശനമായി നിയന്ത്രിച്ചു നിറുത്തിയിരുന്ന ഏലം, കുരുമുളക്, പാമോയിൽ, റബറുൽപന്നങ്ങൾ (ചെരിപ്പുകൾ തുടങ്ങിയവ), മത്സ്യങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയെല്ലാം ആർക്കും എത്ര വേണമെങ്കിലും ഇന്ത്യയിൽകൊണ്ടുവന്ന് ഇഷ്ടപ്പെട്ട വിലയ്ക്ക വിൽക്കാമെന്ന അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. വെളിച്ചെണ്ണ ഇറക്കുമതി ഇപ്പോഴും അനുവദിച്ചിട്ടില്ല എങ്കിലും പാമോയിൽ വെളിച്ചെണ്ണയേക്കാൾ വിലക്കുറവിൽ വരുന്നതോടെ വെളിച്ചെണ്ണയുടെ വ്യാപാരം മന്ദഗതിയിലാവുമെന്നത് ഉറപ്പാണ്. മണ്ഡരിബാധയേൽപ്പിച്ച ക്ഷീണത്തിൽനിന്നും കരകയറി, അല്പം മെച്ചപ്പെട്ട വിലയും വാങ്ങിയിരിക്കുന്ന തെങ്ങുകൃഷിക്കാരന് വീണ്ടും വെള്ളിടി ഉറപ്പാണെന്നർഥം.

ഇതേ പ്രശ്നമാണ് റബർ കർഷകനും നേരിടേണ്ടിവരുന്നത്. റബർ റബറായി ഇറക്കുമതി ചെയ്യുന്നത് ഇപ്പോഴും അനുവദിച്ചിട്ടില്ല എന്നതു ശരിയാണ്. പക്ഷെ ചെരുപ്പും ഉറകളും ഉൾപ്പെടെയുള്ള റബറുൽപന്നങ്ങൾ ഇറക്കുമതി ചെയ്യാം. ഇറക്കുമതി ഉല്പന്നങ്ങൾ വരുന്നതോടെ ഇത്തരം ഉല്പന്നങ്ങളുടെ ഇവിടുത്തെ നിർമാണം കുറയുമെന്നും അങ്ങനെ ഇവിടുത്തെ റബറിന്റെ ഉപയോഗവും കുറയുമെന്നും ഊഹിക്കാമല്ലോ.

തെങ്ങുകൃഷിക്കാരനും റബർകൃഷിക്കാരനും ബുദ്ധിമുട്ടിലായാൽ കേരളം മൊത്തം ബുദ്ധിമുട്ടിലായി എന്നാണല്ലോ അർഥം. അതോടൊപ്പം മറ്റു സുഗന്ധദ്രവ്യങ്ങളും കൂടി (ഏലം, കുരുമുളക് മുതലായവ...) ഭീഷണിയിലാവുമ്പോൾ...

രാജ്യം മൊത്തം പണയമെഴുതി വാങ്ങി പണം കടംതരാൻ തയ്യാറായി ലോക ബാങ്ക് നില്പുണ്ടല്ലോ എന്നോർക്കുമ്പോൾ മാത്രമാണ് ഒരാശ്വാസം.